അടിസ്ഥാന ശാസ്ത്രം

SET 1

1.വിത്തു ശേഖരിക്കേണ്ട സസ്യങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പ്രസക്തമല്ലാത്തത് ഏത്?

A.ഗുണനിലവാരമുള്ള സസ്യമായിരിക്കണം

B. നാടൻ ഇനം ആയിരിക്കണം

C.രോഗബാധയില്ലാത്ത സസ്യമായിരിക്കണം

D.വളർച്ചയുടെ മധ്യകാലഘട്ടത്തിൽ ഉള്ള സസ്യം ആയിരിക്കണം

2. താഴെ കൊടുത്തിരിക്കുന്നവയിൽ കായികപ്രജനനത്തിലൂടെയും ലൈംഗികപ്രത്യുൽപ്പാദനത്തിലൂടെയും പുതിയ സസ്യങ്ങളെ ഉൽപ്പാദിപ്പിക്കുന്ന സസ്യം ഏത്?

A. കറിവേപ്പ്

B.കടപ്ലാവ്

C.ചന്ദനം

D.മഹാഗണി

3. വൈദ്യുതോർജ്ജം യന്ത്രികോർജ്ജമായി മാറുന്നതിനുദാഹരണമാണ് ?

A.വൈദ്യുത ജനറേറ്റർ

B.വൈദ്യുത ഹീറ്റർ

C.വൈദ്യുത ബൾബ്

D.വൈദ്യുത മോട്ടോർ

4. കൊമ്പ് ഒട്ടിക്കൽ നടത്തുന്നതിന് താഴെപ്പറയുന്ന മാവിനങ്ങളിൽ സ്റ്റോക്ക് ആയി തെരഞ്ഞെടുക്കുവാൻ ഏറ്റവും അനുയോജ്യമായ ഇനം ഏതാണ് ?

A.അൽഫോൻസാ

B.മൽഗോവ

C.മൂവാണ്ടൻ

D.നീലം

5.വിവിധ വർണ്ണങ്ങളിലുള്ള പൂക്കൾ ഒരേ ചെടിയിൽ തന്നെ ഉത്പാദിപ്പിക്കുന്നതിന് ഏതു മാർഗമാണ് കൂടുതൽ യോജിച്ചത്?

A.മുകുളം ഒട്ടിക്കൽ

B.പതിവെക്കൽ

C.ടിഷ്യുകൾച്ചർ

D. കൊമ്പ് ഒട്ടിക്കൽ

6. സുസ്ഥിര ഏത് സസ്യത്തിൻറെ സങ്കരയിനമാണ്?

A. പാവൽ

B.വെള്ളരി

C.വഴുതന

D.വെണ്ട

7.ഒരു ചെടിയിൽ നിന്നും അതിന്റെ സവിശേഷതകളുള്ള നൂറുകണക്കിന് തൈകൾ ഉല്പാദിപ്പിക്കുന്നതിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗം ഏത് ?

A.പതിവെക്കൽ

B.ടിഷ്യുകൾച്ചർ

C.ലെയറിങ്

D.ഗ്രാഫ്റ്റിങ്

8. പയർ വർഗ്ഗത്തിൽപെട്ട ചെടികളുടെ വേരുകളിൽ കാണപ്പെടുന്ന ബാക്ടീരിയയുടെ പേരെന്ത്?

A. അസറ്റോബാക്ടർ

B. നൈട്രോ ബാക്ടർ

C.റൈസോബിയം

D.ട്രൈക്കോഡർമ

9. വാഴ നനയുമ്പോൾ ചീരയും നനയും എന്ന പഴഞ്ചൊല്ലുമായി ബന്ധപ്പെട്ട കൃഷിരീതി ഏത്?

A.വിളപര്യയം

B.ഇടവിള

C.പുതയിടൽ

D.ഇവയൊന്നുമല്ല

10. വിളപര്യയത്തിൻറെ ഭാഗമായി നെൽകൃഷിയുടെ ഇടവേളകളിൽ പയർ, ഉഴുന്ന്, എള്ള്, മുതിര എന്നിവ കൃഷി ചെയ്യുന്നു. ഇവയിൽ ഏത് കൃഷിയാണ് മണ്ണിൽ നൈട്രജൻ സ്ഥിരീകരണം നടത്താത്തത്?

A. പയർ

B.ഉഴുന്ന്

C.മുതിര

D.എള്ള്

11. സീറോ ബഡ്ജെറ്റ് നാച്ചുറൽ ഫാമിങ്ങിൽ പെടാത്തത് ഏത്?

A. വിത്തുകളെ രോഗമുക്തമാക്കാൻ ബീജാമൃതം ഉപയോഗിക്കുന്നു

B.നാടൻ പശുവിന്റെചാണകം ആണ് പ്രധാന വളം

C.ചെറിയതോതിലുള്ള രാസകീടനാശിനി പ്രയോഗം

D.സംയോജിതകൃഷി

12. താഴെപ്പറയുന്നവയിൽ ജൈവവളമായും ജൈവകീടനാശിനിയായും ഉപയോഗിക്കാവുന്നത് ഏത് ?

A.വേപ്പിൻപിണ്ണാക്ക്

B.ചാണകം

C.എല്ലുപൊടി

D.പച്ചിലവളം

13. ലോകത്ത് ഏറ്റവും കൂടുതൽ ചണം ഉത്പാദിപ്പിക്കുന്ന രാജ്യം ഏത്?

A.ചൈന

B.ഇന്ത്യ

C.റഷ്യ

D.ജപ്പാൻ

14. പ്രകാശവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?

A.പ്രകാശം ഒരു ഊർജ രൂപമാണ്

B.പ്രകാശം നേർരേഖയിൽ സഞ്ചരിക്കുന്നു

C.സഞ്ചരിക്കുവാൻ ഒരു മാധ്യമം ആവശ്യമാണ്

D.മാധ്യമം മാറുമ്പോൾ പാതക്ക് വ്യതിയാനം സംഭവിക്കുന്നു

15. ജീവാണുവളങ്ങളിൽപ്പെട്ടത് ഏത്?

A. യൂറിയ

B.മണ്ണിരക്കമ്പോസ്റ്റ്

C.വേപ്പിൻപിണ്ണാക്ക്

D.അസോള

16. താഴെ പറയുന്നവയിൽ ഏതു വസ്തുവിനാണ് യഥാർത്ഥ പ്രതിബിംബം രൂപീകരിക്കുവാൻ കഴിയുന്നത്?

A.കോൺകേവ് ദർപ്പണം

B. സമതലദർപ്പണം

C.കോൺവെക്സ് ദർപ്പണം

D.കോൺകേവ് ലെൻസ്

17. പ്രകാശത്തിന്റെ ഏതു പ്രതിഭാസമാണ് വ്യക്തമായ പ്രതിബിംബം രൂപീകരിക്കുന്നതിന് കാരണമാകുന്നത്?

A. അപവർത്തനം

B.ക്രമപ്രതിപതനം

C.വിസരിത പ്രതിപതനം

D.വിസരണം

18. ഒരു സമതലദർപ്പണത്തിൻറെ ലംബത്തിലൂടെ പതിക്കുന്ന പ്രകാശരശ്മിയുടെ പ്രതിപതന കോൺ എത്രയായിരിക്കും?

A. 90 ഡിഗ്രി

B. 180 ഡിഗ്രി

C. 0 ഡിഗ്രി

D. 45 ഡിഗ്രി

19. പ്രകാശപ്രകീർണ്ണനത്തിൽ ഏറ്റവും കൂടുതൽ അപവർത്തനം സംഭവിക്കുന്നത് ഏത് നിറത്തിനാണ് ?

A.വയലറ്റ്

B.ചുവപ്പ്

C.നീല

D.മഞ്ഞ

20. ഒരു വസ്തു ഒരു നിറങ്ങളെയും പ്രതിഫലിക്കുന്നില്ല എങ്കിൽ ആ വസ്തു ഏത് നിറത്തിൽ കാണപ്പെടും?

A. വെളുപ്പ്

B.കറുപ്പ്

C.മഞ്ഞ

D.സിയാൻ

ANSWER KEY

1. B. നാടൻ ഇനം ആയിരിക്കണം
2. C. ചന്ദനം
3. D. വൈദ്യുത മോട്ടോർ
4. C. മൂവാണ്ടൻ
5. A. മുകുളം ഒട്ടിക്കൽ
6. D. വെണ്ട
7. B. ടിഷ്യുകൾച്ചർ
8. C. റൈസോബിയം
9. B. ഇടവിള
10. D എള്ള്
11. C. ചെറിയതോതിലുള്ള രാസകീടനാശിനി പ്രയോഗം
12. A. വേപ്പിൻപിണ്ണാക്ക്
13. B. ഇന്ത്യ
14. C. സഞ്ചരിക്കുവാൻ ഒരു മാധ്യമം ആവശ്യമാണ്
15. D. അസോള
16 A.കോൺകേവ് ദർപ്പണം
17. B.ക്രമപ്രതിപതനം

18.C. 0 ഡിഗ്രി

19. A വയലറ്റ്

20. B. കറുപ്പ്

SET II

1. ഒരു അതാര്യവസ്തുവിന് നീലനിറമാണ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

A. വസ്തു നീലനിറത്തെ ആഗിരണം ചെയ്യുന്നു

B. വസ്തു നീല നിറത്തെ പ്രതിഫലിപ്പിക്കുന്നു

C.വസ്തു നീല നിറം ഒഴികെ മറ്റെല്ലാം നിറങ്ങളെയും പ്രതിഫലിപ്പിക്കുന്നു

D.വസ്തു നീലനിറത്തെ കടത്തിവിടുന്നു

2. താഴെപ്പറയുന്നവയിൽ കോൺകേവ് ദർപ്പണം ഉപയോഗിക്കുന്നത് ഏത് ഉപകരണത്തിലാണ്?

A.റിയർവ്യൂ മിറർ

B.പെരിസ്കോപ്പ്

C.സോളാർ കുക്കർ

D.കാലിഡോസ്കോപ്പ്

3. താഴെ പറയുന്നവയിൽ ഏതു വസ്തു ഉപയോഗിച്ചാൽ അകലെയുള്ള ഒരു വസ്തുവിൻറെ പ്രതിബിംബം സ്ക്രീനിൽ ലഭിക്കും?

A.സമതലദർപ്പണം

B.കോൺവെക്സ് ലെൻസ്

C.കോൺവെക്സ് ദർപ്പണം

D.പ്രിസം

4. ജലത്തിൽ കാണുന്ന മത്സ്യത്തിൻറെ സ്ഥാനം യഥാർത്ഥ സ്ഥാനത്തുനിന്നും വ്യത്യാസപ്പെട്ട കാണുന്നത് പ്രകാശത്തിൻറെ ഏത് പ്രതിഭാസം മൂലമാണ്?

A.പ്രകീർണനം

B.വിസരണം

C.അപവർത്തനം

D.പ്രതിപതനം

5. മഴവില്ലിൽ ഏഴ് നിറങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും എല്ലാ നിറങ്ങളും കാണാൻ കഴിയാത്തത് എന്തുകൊണ്ട്?

A.വിസരണം മൂലം

B.അപവർത്തനം മൂലം

C.പ്രകീർണ്ണനം മൂലം

D.പ്രകാശം നേർരേഖയിൽ സഞ്ചരിക്കുന്നത് കൊണ്ട്

6. ആകാശത്തിന്റെ നിറം നീലയായി കാണപ്പെടുന്നത് പ്രകാശത്തിൻറെ ഏത് പ്രതിഭാസം മൂലമാണ് ?

A.പ്രകീർണനം

B.വിസരണം

C.അപവർത്തനം

D.പ്രതിപതനം

7. ശൂന്യതയിൽ പ്രകാശത്തിൻറെ വേഗത ഒരു സെക്കൻഡിൽ എത്രയാണ്?

A.3000 Km

B.30000 Km

C.300000 Km

D.3000000 Km

8. ശബ്ദത്തേക്കാൾ വേഗതയിൽ സഞ്ചരിക്കുന്നത് എന്ന് സൂചിപ്പിക്കുന്ന പദം ഏത് ?

A.അൾട്രാ സോണിക്

B.സൂപ്പർ സോണിക്

C.ഇൻഫ്രാ സോണിക്

D.ഇതൊന്നുമല്ല

9. VIBGYOR ൽ ഏറ്റവും കൂടുതൽ ദൂരം സഞ്ചരിക്കുന്ന പ്രകാശം ഏത് ?

A.നീല

B.പച്ച

C.മഞ്ഞ

D.ചുവപ്പ്

10. താഴെ പറയുന്നവയിൽ പ്രകാശരശ്മികളെ സംവ്രജിപ്പിക്കുന്നതേത് ?

A.കോൺവെക്സ് ദർപ്പണം

B.കോൺകേവ് ദർപ്പണം

C.കോൺകേവ് ലെൻസ്

D. സമതല ദർപ്പണം

11. ജലകണികകളിലൂടെ സൂര്യപ്രകാശം കടന്നുപോകുമ്പോഴുണ്ടാകുന്ന വർണ്ണ വിസ്മയമായ മഴവില്ലിന് കാരണം ?

A.അപവർത്തനം

B.പ്രതിപതനം

C.ആവർത്തന പ്രതിപതനം

D.വിസരണം

12. ന്യൂട്ടന്റെ വർണപ്പമ്പരവുമായി ബന്ധപ്പെട്ടത് ഏത് ?

A.കണ്ണിൻറെസംവേദനക്ഷമത

B.കണ്ണിൻറെ സമഞ്ജനക്ഷമത

C.കണ്ണിലെ പ്രകാശ പ്രകീർണ്ണനം

D.കണ്ണിലെ അപവർത്തനം

13. താഴെ പറയുന്നവയിൽ സൂചകമായി ഉപയോഗിക്കാനാവാത്തത് ഏത്?

A.ശംഖുപുഷ്പം

B.ബീറ്റ് റൂട്ട്,

C.മഞ്ഞൾ

D. ചേന

14.കൊക്കോയിൽ അടങ്ങിയിരിക്കുന്ന ഓർഗാനിക് ആസിഡ് ഏത്?

A.അസ്കോർബിക് ആസിഡ്

B.ഓക്സാലിക് ആസിഡ്

C.സിട്രിക് ആസിഡ്

D.മാലിക് ആസിഡ്

15. താഴെ പറയുന്നവയിൽ മിനറൽ ആസിഡ് ഏത് ?

A. അസറ്റിക് ആസിഡ്

B. ടാർടാറിക് ആസിഡ്

C. അസ്കോർബിക് ആസിഡ്

D. നൈട്രിക് ആസിഡ്

16. ആസിഡ് നേർപ്പിക്കുമ്പോൾ ചെയ്യേണ്ടത് ഏത് ?

A. ജലം എടുത്ത് അൽപ്പം ആസിഡ് അതിലേക്ക് സാവധാനം ചേർത്ത് ഇളക്കണം

B. ആസിഡ് എടുത്ത് അൽപ്പം ജലം അതിലേക്ക് സാവധാനം ചേർത്ത് ഇളക്കണം

C. ജലവും ആസിഡും ഒരുമിച്ച് മറ്റൊരു പാത്രത്തിലേക്ക് സാവധാനം ഒഴിക്കണം

D. ജലം ആസിഡിലേക്ക് തുള്ളിതുള്ളിയായി ചേർക്കണം

17. ജ്വാലാ പരീക്ഷണത്തിലൂടെ തിരിച്ചറിയാൻ കഴിയാത്ത വാതകം ഏത് ?

A. ഹൈഡ്രജൻ

B.ഓക്സിജൻ

C.കാർബൺഡൈ ഓക്സൈഡ്

D. നൈട്രജൻ

18.മീഥൈൽ ഓറഞ്ചിന് ആൽക്കലിയിലെ നിറമെന്ത്

A.ഇളം പിങ്ക്

B.ഇളം മഞ്ഞ

C.നിറമില്ല

D.ചുവപ്പ്

19.ആസിഡുകൾ കാർബണേറ്റുകളുമായി പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന വാതകം ഏത്?

A.ഹൈഡ്രജൻ

B.ഓക്സിജൻ

C.കാർബൺ ഡയോക്സൈഡ്

D.നൈട്രജൻ

20. കാസ്റ്റിക് സോഡയുടെ രാസനാമം എന്ത്?

A.സോഡിയം ഹൈഡ്രോക്സൈഡ്

B.പൊട്ടാസ്യം ഹൈഡ്രോക്സൈഡ്

C.സോഡിയം ക്ലോറൈഡ്

D.കാൽസ്യം ഹൈഡ്രോക്സൈഡ്

ANSWER KEY

1. B. വസ്തു നീല നിറത്തെ പ്രതിഫലിപ്പിക്കുന്നു

2. C. സോളാർ കുക്കർ

3. B. കോൺവെക്സ് ലെൻസ്

4. C .അപവർത്തനം

5. A, വിസരണം മൂലം

6 .B. വിസരണം

7. C. 300000 Km

8. B. സൂപ്പർ സോണിക്

9. D. ചുവപ്പ്

10. B. കോൺകേവ് ദർപ്പണം

11. A. അപവർത്തനം

12. B. കണ്ണിൻറെ സമഞ്ജനക്ഷമത

13. D. ചേന

14. B. ഓക്സാലിക് ആസിഡ്

15. D. നൈട്രിക് ആസിഡ്

16. A. ജലം എടുത്ത് അൽപ്പം ആസിഡ് അതിലേക്ക് സാവധാനം ചേർത്ത് ഇളക്കണം

17. D. നൈട്രജൻ

18. B. ഇളം മഞ്ഞ

19. C. കാർബൺ ഡയോക്സൈഡ്

20. A. സോഡിയം ഹൈഡ്രോക്സൈഡ്

SET III

1. താഴെക്കൊടുത്തിരിക്കുന്ന പിഎച്ച് കളിൽ ആസിഡ് സ്വഭാവമുള്ളത് ഏത്?

A. 6.5

B. 7

C. 7.5

D. 8

2. മോട്ടോർ വാഹനങ്ങളിലെ ബാറ്ററിയിൽ ഉപയോഗിക്കുന്ന ആസിഡ് ഏത്?

A. ഹൈഡ്രോ ക്ലോറിക് ആസിഡ്

B.സൾഫ്യൂറിക് ആസിഡ്

C.നൈട്രിക് ആസിഡ്

D.അസറ്റിക് ആസിഡ്

3. സോപ്പ് നിർമ്മാണത്തിൽ സോഡിയം സിലിക്കേറ്റ് ഉപയോഗിക്കുന്നത് എന്തിന് ?

A.നിറം ലഭിക്കുന്നതിന്

B.മണം ലഭിക്കുന്നതിന്

C.ഗാഢത കൂട്ടുന്നതിന്

D.പെട്ടെന്ന് കട്ടി ആകുന്നതിന്

4.മൂടില്ലാത്താളി , റഫ്ലേഷ്യ എന്നിവയെക്കുറിച്ച് ശരിയായത് ഏത് ?

A. പൂർണപരാദം

B.ഇരപിടിയൻ സസ്യം

C.അർദ്ധ പരാദം

D.എപ്പി ഫൈറ്റ്

5. ദഹനപ്രക്രിയയിൽ ജലത്തിന്റെ ആഗിരണം പ്രധാനമായും എവിടെവച്ചാണ് നടക്കുന്നത്?

A.ആമാശയം

B.മലാശയം

C.ചെറുകുടൽ

D.വൻകുടൽ

6. പ്രകാശസംശ്ലേഷണവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?

A.അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് വർധിക്കുന്നു

B. അന്തരീക്ഷത്തിലെ ഓക്സിജന്റെ അളവ് വർദ്ധിക്കുന്നു

C.അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡ് അളവ് കുറയുന്നു

D. അന്തരീക്ഷത്തിലെ വാതകങ്ങളുടെ തുലനാവസ്ഥയ്ക്ക് കാരണമാകുന്നു

7. കൂൺ ഉൾപ്പെടുന്ന സസ്യ വിഭാഗം ഏത് ?

A.ഫംഗസ്

B.പരാദം

C.ശവോപജീവി

D.ആൽഗകൾ

8. മനുഷ്യശരീരത്തിലെ വിസർജനാവയവത്തിൽ ഉൾപ്പെടാത്തത് ഏത്?

A.ത്വക്ക്

B.വൃക്കകൾ

C.ശ്വാസകോശം

D.ആമാശയം

9. പെരിസ്റ്റാൾസിസ് എന്ന പദം ഏത് പ്രക്രിയയുമായി ബന്ധപ്പെട്ടിരിക്കുന്നു?

A.പോഷണം

B.ശ്വസനം

C.വിസർജനം

D.രക്തപര്യയനം

10. മാലിന്യങ്ങളെ പുറം തള്ളാൻ സസ്യങ്ങൾ സ്വീകരിക്കുന്ന മാർഗങ്ങളിൽ തൊലി അടർന്നുപോകുന്ന സസ്യങ്ങളുടെ കൂട്ടത്തിൽ പെടാത്തത് ഏത്?

A.മഹാഗണി

B.സിൽവർ ഓക്ക്

C.യൂക്കാലിപ്റ്റസ്

D.വെൻ തേക്ക്

11. പല്ലുകൾക്കിടയിൽ ഉള്ള ആഹാരാവശിഷ്ടത്തിൽ ബാക്ടീരിയ പ്രവർത്തിച്ച ഉണ്ടാകുന്ന ആസിഡ് ഏത് ?

A.ഹൈഡ്രോക്ലോറിക് ആസിഡ്

B.സിട്രിക് ആസിഡ്

C.അസറ്റിക് ആസിഡ്

D.ലാക്റ്റിക് ആസിഡ്

12. മനുഷ്യ ശരീരത്തിലെ ഉമിനീർ ഗ്രന്ഥികളുടെ എണ്ണം ?

A. 2ജോഡി

B. 3 ജോഡി

C. 4 ജോഡി

D. 5 ജോഡി

13. മൂത്രത്തിൽ പഞ്ചസാരയുടെ സാന്നിധ്യം കാണിക്കുന്നത് ഏത് അവയവത്തിന്റെ തകരാറ് മൂലമാണ്?

A.കരൾ

B.ഹൃദയം

C.പാൻക്രിയാസ്

D.വൃക്ക

14. ശുദ്ധജലത്തിന്റെ pH എത്രയാണ്?

A. 7

B. 8

C.6

D.9

15. ഭക്ഷ്യ വസ്തുക്കളെ കടിച്ചുകീറാൻ സഹായിക്കുന്ന പല്ലുകൾ ഏത്?

A.ചർവണകം

B.കോമ്പല്ല്

C.അഗ്രചർവണകം

D.ഉളിപ്പല്ല്

16. പോഷണവുമായി ബന്ധമില്ലാത്ത പ്രവർത്തനം ഏത് ?

A.ആഗിരണം

B.സ്വാംശീകരണം

C.ബാഷ്പീകരണം

D.ദഹനം

17. മനുഷ്യനിലെ ഏത് ഗ്രന്ഥിയിലുണ്ടാകുന്ന വൈറസ് ബാധയാണ് മുണ്ടിനീര്?

A. സബ് മാക്സിലറി

B. പരോട്ടിഡ്

C. സബ് ലിംഗൽ

D. സബ് ക്ലാവിയൻ

18. അന്നജത്തെ മാൾട്ടോസ് ആക്കി മാറ്റാൻ സഹായിക്കുന്ന രാസാഗ്നി ഏത്?

A. മാൾട്ടേസ്

B. റെനിൻ

C. പെക്ടിൻ

D. ടയലിൻ

19. വൃക്കകളുടെ പ്രവർത്തനം മൂലം ശരീരത്തിലെ രക്തത്തിൽനിന്നും നീക്കം ചെയ്യുന്ന രാസവസ്തു ഏത് ?

A. യൂറിയ

B. സോഡിയം സംയുക്തം

C. ഗ്ലൂക്കോസ്

D. യൂറിക് ആസിഡ്

20. ബാഹ്യപരാദത്തിൽ ഉൾപ്പെടാത്തത് ഏത്?

A. മൂട്ട

B. പേൻ

C. ചെള്ള്

D.വിര

ANSWER KEY

1. A. 6.5
2. B. സൾഫ്യൂറിക് ആസിഡ്
3. C. ഗാഢത കൂട്ടുന്നതിന്
4. A. പൂർണപരാദം
5. D. വൻകുടൽ
6. D. അന്തരീക്ഷത്തിലെ വാതകങ്ങളുടെ തുലനാവസ്ഥയ്ക്ക് കാരണമാകുന്നു
7. A. ഫംഗസ്
8. D, ആമാശയം
9. A. പോഷണം
10. B. സിൽവർ ഓക്ക്
11. D. ലാക്റ്റിക് ആസിഡ്
12. B. 3 ജോഡി
13. C. പാൻക്രിയാസ്
14. A. 7

15. B. കോമ്പല്ല്

16. C. ബാഷ്പീകരണം

17. B. പരോട്ടിഡ്

18. D. ടയലിൻ

19. A. യൂറിയ

20. D. വിര

SET IV

1. മണ്ണിൽ നൈട്രജൻ സംയുക്തങ്ങളുടെ അഭാവം മൂലം പ്രാണികളെ ആഹാരമാക്കുന്ന സസ്യ വിഭാഗം ഏത്?

A. പരാദം

B.എപ്പിഫൈറ്റ്

C. ഇരപിടിയൻ

D.ശവോപജീവികൾ

62. മലിനജലത്തിൽ ഏത് ബാക്ടീരിയയുടെ സാന്നിധ്യം ആണ് ധാരാളമായി കാ ണുന്നത്?

A.ലാക്ടോബാസില്ലസ്

B. അസറ്റോ ബാക്ടർ

C. ഇ–കോളി

D.നൈട്രോ ബാക്

3. ജലജന്യരോഗങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

A.ടൈഫോയിഡ്

B.റിക്കറ്റ്സ്

C.ഡിസെൻട്രി

D.ഡയേറിയ

4. അന്തരീക്ഷത്തിലെ താപനില നിലനിർത്താൻ സഹായിക്കുന്ന വാതകം

A.ഓക്സിജൻ

B.നൈട്രജൻ

C.കാർബൺ ഡയോക്സൈഡ്

D.ഹൈഡ്രജൻ

5.ജലശുദ്ധീകരണത്തിനായി വാട്ടർ പ്യൂരിഫയർ ഉപയോഗിക്കുന്ന കിരണം

A.അൾട്രാ വയലറ്റ്

B. ഇൻഫ്രാ റെഡ്

C.ഗാമ കിരണം

D.ബീറ്റ കിരണം

6. ജല ശുദ്ധീകരണ ശാലയിൽ ഏത് ഘട്ടത്തിലാണ് ആലം ചേർക്കുന്നത്?

A.ക്ലാരിഫ്ലോക്കുലേഷൻ

B.എയറേഷൻ

C.കൊയാഗുലേഷൻ

D.ഫിൽട്രേഷൻ

7. ശബ്ദ തീവ്രത അളക്കുന്നതിനുള്ള യൂണിറ്റ് ഏത്?

A.ജൂൾ

B.ഡെസിബെൽ

C.ഫാരഡ്

D.വാട്ട്

8.സർക്യൂട്ട് ഉപകരണങ്ങൾക്ക് തകരാർ ഉണ്ടാകുന്നതു തടയുന്നതിനുള്ള സുരക്ഷാ സംവിധാനമായ M C B യുടെ പൂർണ്ണരൂപം എന്ത് ?

A. MINI CIRCUIT BREAKER

B. MINIETURE CIRCUIT BACK

C. MINIATURE CIRCUIT BREAKER

D.MINATURE CONTINUOUS BREAKER

9. ട്രാന്സ്ഫോർമറിൽ ഉപയോഗിക്കുന്ന ഫ്യൂസുകളിലെ കമ്പികൾ ഏതെല്ലാം ലോഹങ്ങൾ ചേർന്നതാണ്?

A. ഈയം, വെള്ളി, ചെമ്പ്

B.ഇരുമ്പ്, വെള്ളി, ചെമ്പ്

C.വെള്ളി, ഈയം ,ഇരുമ്പ്

D.ചെമ്പ്, വെള്ളി, ഇരുമ്പ്

10. വൈദ്യുതി പ്രവഹിക്കുന്ന ചാലകത്തിനു ചുറ്റും ഒരു കാന്തിക മണ്ഡലം രൂപപ്പെടുന്നു എന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ ?

A.മൈക്കൽ ഫാരഡെ

B.ഐസക്ക് ന്യൂട്ടൻ

C.എഡിസൺ

D.ക്രിസ്ത്യൻ ഈഷ്സ്റ്റഡ്

11. ഇന്ത്യയിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ആവൃത്തി എത്ര ?

A. 110 Hz

B. 50 Hz

C. 230 Hz

d. 120 Hz

12. അണക്കെട്ടിൽ സംഭരിച്ച വച്ചിരിക്കുന്ന ജലത്തിൽ ഉള്ള ഊർജ്ജം ഏത് ?

A. യാന്ത്രികോർജ്ജം

B.ഗതികോർജ്ജം

C.സ്ഥിതികോർജ്ജം

D.വൈദ്യുതോർജ്ജം

13. വൈദ്യുതോപകരണങ്ങൾക്ക് നക്ഷത്രചിഹ്നം നൽകുന്ന സ്ഥാപനം

A. KSEB

B. BIS

C.ISI

D. BEE

14. വൈദ്യുത കാന്തത്തിൻറെ ശക്തി വർദ്ധിപ്പിക്കുന്നതിന്

A.കമ്പിച്ചുറ്റുകളുടെ എണ്ണം കുറയ്ക്കുക

B.വൈദ്യുതിയുടെ തീവ്രത കൂട്ടുക

C.വൈദ്യുതിയുടെ തീവ്രത കുറയ്ക്കുക.

D.വൈദ്യുത കാന്തമാക്കുന്ന വസ്തുവിൻറെ ഘനം കുറയ്ക്കുക.

15. ആഗോളതാപനത്തിന് കാരണമാകുന്ന വാതകമേത് ?

A.ഓക്സിജൻ

B.നൈട്രജൻ

C.കാർബൺ ഡയോക്സൈഡ്

D.ഹൈഡ്രജൻ

16.അന്തരീക്ഷമർദ്ധംഅടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഉപകരണങ്ങളിൽ പെടാത്തതേത്?

A.ലാക്റ്റോമീറ്റർ

B.സിറിഞ്ച്

C.ബാരോമീറ്റർ

D.ഡ്രോപ്പർ

17. ആഴക്കടലിൽ മുങ്ങുന്നവർ പ്രത്യേകതരം കോട്ട് ധരിക്കുന്നത് എന്തിന് ?

A.മർദ്ദം കുറവായതുകൊണ്ട്

B.താപനില കുറവായതുകൊണ്ട്

C.സുഗമമായ ചലനത്തിന് വേണ്ടി

D.മർദ്ദം കൂടുതലായതുകൊണ്ട്

18. മിത്രകീടങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?

A.വേട്ടക്കാരൻ ചിലന്തി,

B.ചെറുതുമ്പി

C.പുൽച്ചാടി

D.ലേഡി ബേർഡ് ബീറ്റിൽ

19. ഇന്ത്യയിൽ ഹരിതവിപ്ലവത്തിന് ഊന്നൽ നൽകിയ വിള ഏത്?

A.ഗോതമ്പ്

B.നെല്ല്

C.ചോളം

D.എള്ള്

20. ദീർഘ ദൃഷ്ടി പരിഹരിക്കുന്നതിന് ഉപയോഗിക്കുന്ന ലെൻസ് ഏത് ?

A.കോൺകേവ് ലെൻസ്

B.കോൺവെക്സ് ലെൻസ്

C.പ്ലേനോ കോൺകേവ്,

D.സിലിണ്ടറിക്കൽ ലെൻസ്

ANSWER KEY

1. C. ഇരപിടിയൻ

2. C. ഇ-കോളി

3. B. റിക്കറ്റ്സ്

4. C. കാർബൺ ഡയോക്സൈഡ്

5. A. അൾട്രാ വയലറ്റ്

6. C. കൊയാഗുലേഷൻ

7. B. ഡെസിബെൽ

8. C. MINIATURE CIRCUIT BREAKER

9. A. ഈയം, വെള്ളി, ചെമ്പ്

10. D. ക്രിസ്ത്യൻ ഈഷ്സ്റ്റഡ്

11. B. 50 Hz

12. C. സ്ഥിതികോർജ്ജം

13. D. BEE

14. B.

15. C കാർബൺ ഡയോക്സൈഡ്

16. A. ലാക്ടോമീറ്റർ

17. D. മർദ്ദം കൂടുതലായതുകൊണ്ട്

18. C. പുൽച്ചാടി

19. A. ഗോതമ്പ്

20. B. കോൺവെക്സ് ലെൻസ്

SET V

81. ഫെബ്രുവരി 28 ശാസ്ത്ര ദിനമായി ആചരിക്കുവാൻ കാരണമെന്ത് ?

A.സി .വി.രാമന്റെ ജന്മദിനം

B സി .വി.രാമന്റെ ചരമദിനം

C.രാമൻ എഫ്ഫക്റ്റ് കണ്ടെത്തിയത്

D.സി.വി.രാമന് നോബൽ പ്രൈസ് നൽകിയ ദിനം

2. സസ്യങ്ങൾ ശ്വസനപ്രക്രിയയിൽ പുറത്തേക്ക് വിടുന്ന വാതകം ഏത്?

A.ഓക്സിജൻ

B.നൈട്രജൻ

C.കാർബൺ ഡയോക്സൈഡ്

D.ഹൈഡ്രജൻ

3. ഹൈഡ്രജൻ എന്ന വാക്ക് സൂചിപ്പിക്കുന്നതെന്ത്?

A.കത്തുന്ന വാതകം

B.ജലം ഉൽപ്പാദിപ്പിക്കുന്നത്

C.ഭാരം കുറഞ്ഞത്

D.കത്താൻ സഹായിക്കുന്നത്.

4 മണ്ണിലെ ജൈവാംശം കണ്ടെത്തുന്നതിന് ഉപയോഗിക്കുന്ന രാസവസ്തുവേത് ?

A.സോഡിയം ഹൈഡ്രോക്സൈഡ്,

B.ഹൈഡ്രജൻ ക്ലോറൈഡ്

C.ഹൈഡ്രജൻ പെറോക്സൈഡ്

D.സോഡിയം സിലിക്കേറ്റ്

5. കുടിവെള്ളമായി ഉപയോഗിക്കുവാൻ കഴിയുന്ന ജലത്തിൻറെ pH എത്ര വരെയാകാം?

A. 6 മുതൽ 7 വരെ

B. 6.5മുതൽ 7.5 വരെ

C. 7 മുതൽ 8 വരെ

D. 6 മുതൽ 9 വരെ

6. ആസിഡ് സ്വഭാവമുള്ള മണ്ണിൽ ഹൈഡ്രാഞ്ചിയ പൂക്കളുടെ നിറം എന്ത്?

A.നീല

B.പിങ്ക്

C.മഞ്ഞ

D.പച്ച

7. സാധാരണ അന്തരീക്ഷവായുവിൽ നൈട്രജൻറെ അളവ് എത്ര ?

A.75%

B.76%

C.77%

D.78%

8. 2020 ഏത് വർഷമായാണ് U.N ആചരിച്ചത്

A.മണ്ണ് വർഷം

B.പ്രകാശ വർഷം

C.സസ്യാരോഗ്യ വർഷം

D.ടൂറിസം വർഷം

9. അമ്ല മഴക്ക് കാരണമാകുന്നത്

A. നൈട്രജന്റെ ഓക്സൈഡുകൾ

B. അമോണിയം ഹൈഡ്രോക്ലൈഡ്

C. കാർബൺ മോണോക്സൈഡ്

D. കാർബൺ ഡൈഓക്ലൈഡ്

10. അമീബയുടെ പോഷണ ഘട്ടങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?

A.ദഹനം

B.സ്വാംശീകരണം

C.വിസർജ്ജനം

D.ആഗിരണം

11. നെഫ്രോണുകൾ ഏത് അവയവത്തിലാണുള്ളത് ?

A.വൃക്ക

B.തലച്ചോറ്

C.ഹൃദയം

D.ശ്വാസകോശം

12. പ്രകാശസംശ്ലേഷണ ഫലമായി സസ്യങ്ങളിൽ ഊർജ്ജം സംഭരിക്കുന്നത് ഏത് രൂപത്തിലാണ്?

A.സ്ഥിതികോർജ്ജം

Bസൗരോർജ്ജം

C.രാസോർജ്ജം

D.യാന്ത്രികോർജ്ജം

13. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത നിലയം ഏത് ?

A.പള്ളിവാസൽ

B. ഇടുക്കി

C. പെരിങ്ങൽകുത്ത്

D.നേര്യമംഗലം

14. വീട്ടിൽ ഉപയോഗിക്കുന്ന വൈദ്യുതി അളക്കുന്നത് ഏത് യൂണിറ്റിലാണ് ?

A.വോൾട്ട്

B.വാട്ട്

C.കിലോവാട്ട് ഔവർ

D.ആമ്പിയർ

15. വേഗത്തിൽ ചലിക്കുന്ന വായുവിന് മർദ്ദം കുറവായിരിക്കും എന്ന് പ്രതിപാദിക്കുന്ന തത്വം ഏത് ?

A.അർക്കമിഡീസ് തത്വം

B.ബെർണോളിസ് തത്വം

C.ചലനതത്വം

D.ഗുരുത്വാകർഷണ തത്വം

16. വൈദ്യുത ചാലകത ഏറ്റവും കൂടിയ ലോഹം ഏത്?

A.സ്വർണ്ണം

B.ചെമ്പ്

C.അലൂമിനിയം

D.വെള്ളി

17. സസ്യശരീരം കോശങ്ങളാൽ നിർമ്മിതമാണെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ ആര് ?

A.റോബർട്ട് ഹുക്ക്

B.തിയോഡർ ഷ്വാൻ

C.റോബർട്ട് ബ്രൗൺ

D. ലൂയി പാസ്റ്റർ

18. പ്രായപൂർത്തിയായ ഒരു വ്യക്തിയുടെ വായിലെ ചർവണകങ്ങളുടെ എണ്ണം

A.6

B.8

C.10

D.12

19. പ്രപഞ്ചത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന മൂലകം ഏത്?

A.ഓക്സിജൻ

B.നൈട്രജൻ

C.കാർബൺ

D.ഹൈഡ്രജൻ

20. താഴെ പറയുന്നവയിൽ കാന്തിക വസ്തു അല്ലാത്തത് ഏത്?

A. ചെമ്പ്

B. നിക്കൽ

C.ഇരുമ്പ്

D.കൊബാൾട്ട്

ANSWER KEY

1. C

2. C. കാർബൺ ഡയോക്സൈഡ്

3. B. ജലം ഉൽപ്പാദിപ്പിക്കുന്നത്

4. C. ഹൈഡ്രജൻ പെറോക്സൈഡ്

5. B. 6.5മുതൽ 7.5 വരെ

6. A. നീല

7. D. 78 %

8. C. സസ്യാരോഗ്യ വർഷം

9. A. നൈട്രജ ന്റെ ഓക്സൈഡുകൾ

10. B. സ്വാംശീകരണം

91. A. വൃക്ക

12. C. രാസോർജ്ജം

13. A. പള്ളിവാസൽ

14. C. കിലോവാട്ട് ഔവർ

15. B. ബെർണോളിസ് തത്വം

16. D. വെള്ളി

17. B. തിയോഡർ ഷ്വാൻ

18. D. 12

19. D. ഹൈഡ്രജൻ

20. A. ചെമ്പ്